# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
### ക്രിസ്മസ് പരീക്ഷ 2018-2019

ക്ലാസ്സ് : IV — സമയം : 2 മണിക്കൂർ

തീയതി : 09-12-2018 — മാർക്ക് : 70

---

**പദപ്പെട്ടിയിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** 10

| ക്രിസ്തു, വിശുദ്ധി, വി. കുർബാന, മനസ്താപം, ഇസഹാക്ക് |
|---|

1. ഈശോയുടെ തിരുശരീരരക്തങ്ങൾ സ്വീകരിക്കാനാവശ്യമായത്.
2. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്ക് ഉണ്ടാകുന്ന ദുഃഖം.
3. സഭയിലൂടെ നമുക്ക് പാപമോചനം നൽകുന്നത്.
4. അബ്രാഹത്തിനു നൽകിയ ഏക മകൻ.
5. ഐക്യത്തിന്റെ കൂദാശ.

**എ - ബിയോട് ചേർക്കുക** 10

6. കുരിശിന്റെ കൂട്ടുകാരി - മാധ്യമപ്രേഷിതൻ
7. പെസഹാ - സമർപ്പണം
8. വി. ചാവറയച്ചൻ - സിക്കമൂർ
9. വി. കുർബാന - കടന്നുപോകൽ
10. സക്കേവൂസ് - വി. അൽഫോൻസാമ്മ

**പൂരിപ്പിക്കുക** 10

11. ഈശോയുടെ ശരീരവും രക്തവും സ്വീകരിക്കുന്ന എല്ലാവരും ഈശോയുടെ ....................ൽ പങ്കാളികളാകുന്നു.
12. സ്നേഹം തന്നെയായ ദൈവത്തിന്റെ ...................... ലംഘിക്കുന്നതാണ് പാപം.
13. വി. കുർബാന .................... പ്രദാനം ചെയ്യുന്ന സ്നേഹ വിരുന്നാണ്.

14. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾ നീക്കാനും അവർക്ക് ................ നല്കുവാനുമായി ഈശോ സ്വയം ബലിയായിത്തീർന്നു.

15. പാപം വഴി ദൈവത്തിൽ നിന്ന് അകന്നുപോകുന്ന നമ്മൾ ..................... വഴി അവിടുന്നുമായി രമ്യപ്പെടുന്നു.

**ശരിയോ, തെറ്റോ എന്നെഴുതുക** **5**

16. ഈശോയുടെ ബലി വീണ്ടും നമുക്കു സന്നിഹിതമാക്കുന്ന അർപ്പണമാണ് വി.കുർബാന.

17. പാപം ചെയ്യുമ്പോൾ നാം ദൈവത്തെ മാത്രമാണ് വേദനിപ്പിക്കുന്നത്.

18. ഈശോ പാപമോചനാധികാരം നൽകിയത് അപ്പസ്തോലന്മാ ർക്കാണ്.

19. വി. അൽഫോൻസ് ലിഗോരിയുടെ തിരുനാൾ ദിനത്തിൽ അന്നക്കുട്ടി സി. അൽഫോൻസ എന്ന പേരു സ്വീകരിച്ചു.

20. എമ്മാവൂസിൽ എത്തിയ ശിഷ്യന്മാർ ഈശോയുടെ നിർബന്ധ പ്രകാരം ഈശോയോടൊപ്പം താമസിക്കുവാൻ കയറി.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

21. അപ്പസ്തോലന്മാരിൽ ആദ്യം രക്തസാക്ഷിത്വം വരിച്ചത്?
22. വിജാതീയരുടെ അപ്പസ്തോലൻ?
23. യേശു സംസാരിച്ച ഭാഷ?
24. കേരളത്തിലെ ചെറുപുഷ്പം എന്ന അറിയപ്പെടുന്ന വിശുദ്ധ?
25. തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ?

**ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

26. അനുതപിക്കുന്ന ഒരു ................. സ്വർഗ്ഗത്തിൽ കൂടുതൽ ................. ഉണ്ടാകും (ലൂക്ക 15:7).

27. ഓരോരുത്തരും ............ ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും, പാത്രത്തിൽ നിന്ന് .............. ചെയ്യുകയും ചെയ്യട്ടെ (1കോറി 11:28).

**ഉത്തരം എഴുതുക**

28. വി. ചാവറയച്ചന്റെ ജീവിതസന്ദേശമെഴുതുക? **2**
29. വേദനകളോടുള്ള വി. അൽഫോൻസാമ്മയുടെ മനോഭാവമെന്തായിരുന്നു? **3**
30. പഴയനിയമത്തിലെ ബലിയർപ്പണത്തിന്റെ ഉദ്ദേശ്യങ്ങൾ ഏവ? **4**
31. അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഏവ? **5**
32. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ എഴുതുക? നിങ്ങൾ ഈശോയെ സ്വീകരിക്കാൻ എങ്ങനെയെല്ലാം ഒരുങ്ങും? **6**
33. പൂർണ്ണമനസ്താപം എന്നാലെന്ത്? പൂർണ്ണമനസ്താപത്തോടെ ദൈവത്തിന്റെ പക്കലേക്ക് തിരിച്ചു ചെല്ലാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **6**